GRAMS:
KERELECOM
E-mail:
electionker@gmail.com
Website:
www.sec.kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE:
0471-2338288,2321233
FAX: 0471-2338288
0471-2334130

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th October 2015

## ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുവാൻ നിർദ്ദേശം

തദ്ദേശഭരണ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും നടത്തുന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ നിയമപരമാണോ അല്ലയോ എന്ന് പരിശോധിക്കുന്നതിനായി ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുവാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. ജില്ലാ തലത്തിൽ, വരണാധികാരിയല്ലാത്ത അസിസ്റ്റന്റ് കളക്ടറുടേയോ, സബ് കളക്ടറുടേയോ, ഡെപ്യൂട്ടി കളക്ടറുടേയോ നേതൃത്വത്തിലുള്ള ഒരു സ്ക്വാഡും ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് തല ഡെവലപ്മെന്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡും രൂപീകരിക്കേണ്ടതാണ്.

നോട്ടീസുകൾ, ബാനറുകൾ, ബോർഡുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ, മൈക്ക് അനൗൺസ്മെന്റ്, മീറ്റിംഗുകൾ മറ്റ് പ്രചാരണ പരിപാടികൾ എന്നിവയുടെ നിയമസാധുത സ്ക്വാഡ് പരിശോധിക്കേണ്ടതാണ്. കൂടാതെ നിയമപരമല്ലാത്ത പ്രചാരണ പരിപാടികൾ ഉടൻ നിർത്തിവയ്പിക്കേണ്ടതും പോസ്റ്ററുകളോ ബോർഡുകളോ നീക്കം ചെയ്യാൻ നിർദ്ദേശിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെങ്കിൽ അവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുകയും ചെലവുകൾ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ധനകാര്യ നിരീക്ഷകൻ ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും ആന്റി ഡീഫെയ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചുകൊണ്ട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കുകയും പകർപ്പ് കമ്മീഷനിൽ ലഭ്യമാക്കേണ്ടതുമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

*(എസ്.ഇ.സി.. 83/2015)*

## പോളിംഗ് സ്റ്റേഷനുകളിൽ സെക്ടറൽ ഓഫീസർമാരെ നിയമിക്കും

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പുരോഗതി റിപ്പോർട്ട് ചെയ്യുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുമായി ബന്ധപ്പെട്ട തകരാറുകൾ പരിഹരിക്കുന്നതിനുമായി സെക്ടറൽ ഓഫീസർമാരെ നിയോഗിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു.

ഒരു പഞ്ചായത്തിലെ 20 പോളിംഗ് സ്റ്റേഷനുകളിലേക്കായി ഒരു സെക്ടറൽ ഓഫീസറേയും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങിലെ 20 പോളിംഗ് സ്റ്റേഷനുകളിലേയ്ക്ക് ഒന്ന് വീതം സെക്ടറൽ ഓഫീസർമാരെയുമാണ് നിയമിക്കുക. വില്ലേജ് ഓഫീസർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ എന്നിവരെയാണ് സെക്ടറൽ ഓഫീസർമാരായി നിയോഗിക്കുക. ആവശ്യമെങ്കിൽ മറ്റ് വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടുമാരേയും പരിഗണിക്കും. വോട്ടെടുപ്പിന് രണ്ട് ദിവസം മുമ്പ് മുതൽ പോളിംഗിന് ശേഷം സാധനങ്ങൾ തിരികെ സ്ട്രോംഗ് റൂമിൽ സൂക്ഷിക്കുന്നത് വരെയായിരിക്കും സെക്ടറൽ ഓഫീസർമാരുടെ പ്രവർത്തനസമയം.

ഓരോ സെക്ടറൽ ഓഫീസർമാരും വോട്ടെടുപ്പിന് മുമ്പ് തന്നെ അതത് പോളിംഗ് സ്റ്റേഷനുകൾ സന്ദർശിച്ച് വോട്ടെടുപ്പിന് ആവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂടാതെ പോളിംഗിന് തലേ ദിവസം എല്ലാ പോളിംഗ് സ്റ്റേഷനുകളും സന്ദർശിച്ച് പോളിംഗ് ഉദ്യോഗസ്ഥരെല്ലാം പോളിംഗ് സ്റ്റേഷനിൽ എത്തിയിട്ടുണ്ടോ എന്നും, ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് സാമഗ്രികൾ ലഭിച്ചിട്ടുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതാണ്. പോളിംഗ് സ്റ്റേഷനുകളിൽ ഏ തെങ്കിലും പോളിംഗ്

(തുടരുന്നു.....1/2)

സാധനങ്ങളുടെ കുറവുണ്ടാകുന്ന സാഹചര്യത്തിൽ അവ ഉടൻ തന്നെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കേണ്ടതും, ഇതിനാവശ്യമായിവരുന്ന ഫോറങ്ങളും തിരഞ്ഞെടുപ്പ് സാമഗ്രികളും എല്ലായ്പ്പോഴും വാഹനത്തിൽ കരുതിയിരിക്കേണ്ടതുമാണ്.

ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ അടിയന്തിര സാഹചര്യത്തിൽ പുതിയ മെഷീൻ ആവശ്യമായി വന്നാൽ അവ ഉടൻ തന്നെ ലഭ്യമാക്കി റിട്ടേണിംഗ് ഓഫീസറുമായി ബന്ധപ്പെട്ട് കാൻഡിഡേറ്റ് സെറ്റിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്. കൂടാതെ ഓരോ രണ്ട് മണിക്കൂർ ഇടവിട്ട് പ്രസ്തുത പോളിംഗ് സ്റ്റേഷനുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തി പോളിംഗ് പുരോഗതി ശേഖരിച്ച് റിട്ടേണിംഗ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. പോളിംഗ് സ്റ്റേഷനിലോ അവയുടെ പരിസരത്തോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ പോലീസുമായി ബന്ധപ്പെട്ട് അവ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, വരണാധികാരി, ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനുകളിലെ പ്രിസൈഡിംഗ് ഓഫീസർമാർ, പ്രദേശത്ത് ക്രമസമാധാന ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ എന്നിവരുടെ മൊബൈൽ നമ്പറുകൾ സെക്ടറൽ ഓഫീസർമാർ ശേഖരിക്കേണ്ടതാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനാണ് സെക്ടറൽ ഓഫീസർമാരെ നിയമിക്കുക.

*(എസ്.ഇ.സി.. 84/2015)*

## തദ്ദേശഭരണ തിരഞ്ഞെടുപ്പിൽ അയോഗ്യരാക്കപ്പെട്ടവരുടെ പട്ടിക പ്രസിദ്ധീകരിച്ചു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിൽ നിന്നോ, അംഗം ആയിരിക്കുന്നതിൽ നിന്നോ ഒഴിവാക്കപ്പെട്ടവരുടെ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.

വിവിധ ജില്ലകളിലെ ത്രിതല പഞ്ചായത്തുകളിലേയ്ക്ക് 2014 ജനുവരി ഒന്ന് മുതൽ കഴിഞ്ഞ മേയ് 31 വരെ നടന്ന ഉപതിരഞ്ഞെടുപ്പിൽ അയോഗ്യരായവരുടെ പട്ടികയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പ് സംബന്ധിച്ച കണക്കുകൾ യഥാസമയത്ത് സമർപ്പിക്കാത്തവർക്കെതിരെയാണ് നടപടി. പരിധിയിൽ കൂടുതൽ തുക ചെലവാക്കിയവരും ഇതിൽ ഉൾപ്പെടുന്നു.

തിരുവനന്തപുരം (എട്ട്), കൊല്ലം (രണ്ട്), പത്തനംതിട്ട (പതിനൊന്ന്), ആലപ്പുഴ (മൂന്ന്), കോട്ടയം (രണ്ട്), ഇടുക്കി (എട്ട്), എറണാകുളം (നാല്), തൃശ്ശൂർ (എട്ട്), പാലക്കാട് (ഒന്ന്) വീതം സ്ഥാനാർത്ഥികളെയാണ് അയോഗ്യരാക്കിയത്. അയോഗ്യരാക്കിയവരുടെ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.sec.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരവ് തീയതിമുതൽ അഞ്ച് വർഷത്തേക്ക് പ്രസ്തുത സ്ഥാനാർത്ഥികളുടെ അയോഗ്യത തുടരുന്നതാണ്.

*(എസ്.ഇ.സി.. 85/2015)*